LIBRARY ARCHIVES Kerala Legislative Assembly

കൊറ്റി-കോട്ടപ്പുറം ജലപാതയിലെ വലിയപറമ്പ പഞ്ചായത്തിലേക്ക് നടപ്പാലം

74 [1877] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലപാതയിലെ യാത്രാസൗകാര്യമില്ലാതെ ഒറ്റപ്പെട്ടുകിടക്കുന്ന വലിയപറമ്പ പഞ്ചായത്തിലേക്ക് തെക്കേക്കാട്-പടന്നക്കടപ്പുറത്ത് നടപ്പാലം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഉൾനാടൻ ജലഗതാഗത വകുപ്പിൽ നിന്നും നിർദ്ദിഷ്ട നടപ്പാലം നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നടപ്പാലം നിർമ്മാണം, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ (90%-10%) ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച 15 കോടി രൂപയുടെ 'മടക്കര ഫിഷിംഗ് ഹാർബർ മുതൽ കവ്വായി വരെയുള്ള ജലപാതയുടെ വികസനം' എന്ന പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം നടപ്പാലം നിർമ്മാണത്തിന് കേന്ദ്ര സഹായം ലഭ്യമാവുകയില്ലാ എന്ന് ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ നടപ്പാലത്തിന്റെ നിർമ്മാണം സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തീരുമാനിച്ച ചെറുകിട വിതരണ പദ്ധതികൾ

75 [1878] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ചെറുകിട ജലവിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചവയിൽ ഇതിനോടകം എത്ര പദ്ധതികൾ കൈമാറിക്കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം